# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 493 — 13/01/2021 - ലെ മറുപടിക്ക്

### വായ്പയുള്ള കേന്ദ്ര നിബന്ധന

ചോദ്യം | ഉത്തരം

ശ്രീ.വി.എസ്.ശിവകുമാർ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | കോവിഡ് പശ്ചാത്തലത്തിലുണ്ടായ പ്രതിസന്ധിമൂലം 2020-21 ലെ ജി.എസ്.ടി. നഷ്ടപരിഹാരത്തിൽ നിന്നും കോവിഡ് കാരണമുള്ള നഷ്ടം നികത്തുന്നതിന് സംസ്ഥാനങ്ങൾക്ക് നേരിട്ട് വായ്പ എടുക്കാമെന്നും കോവിഡ് കാരണമല്ലാതുള്ള നഷ്ടം 2022 മുതലേ നൽകുകയുള്ളൂവെന്നും കേന്ദ്രം വ്യക്തമാക്കിയിരുന്നോ; | കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച GST Compensation പാക്കേജിന്റെ Option 1 പ്രകാരം സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട ആകെ നഷ്ടപരിഹാര തുകയായ 2.35 ലക്ഷം കോടിയിൽ ജി.എസ്.ടി നടപ്പിലാക്കിയത് കാരണം ഉണ്ടായിട്ടുള്ള നഷ്ടം 1.10 ലക്ഷം കോടിയായി തിട്ടപ്പെടുത്തുകയും ഇത് സംസ്ഥാനങ്ങൾക്ക് Special Window Facility യിലൂടെ വായ്പയായി എടുക്കാവുന്നതാണെന്നും ജി.എസ്.ടി നടപ്പിലാക്കുന്ന കാലയളവിൽ അവശേഷിക്കുന്ന കുടിശ്ശികയായിട്ടുള്ള നഷ്ടം ജി.എസ്.ടി നടപ്പിലാക്കുന്ന കാലയളവ് പൂർത്തിയായതിന് ശേഷം മാത്രമേ അതായത് ജൂലായ് 2022 ന് ശേഷം മാത്രമേ നൽകുകയുള്ളൂവെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കിയിരുന്നു. അവശേഷിക്കുന്ന നഷ്ടപരിഹാരത്തുകയായ 73,000 കോടി അനുവദിക്കുന്നത് പരിഗണിക്കുന്നതിന് സംസ്ഥാനം 2 വർഷത്തോളം കാത്തിരിക്കേണ്ടി വരുമെന്നതിനാൽ Special Window Facility യിലൂടെ സംസ്ഥാനങ്ങൾക്ക് എടുക്കാവുന്ന വായ്പ 1.10 ലക്ഷം കോടിയിൽ നിന്ന് 1.83 ലക്ഷം കോടിയായി ഉയർത്തണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു. കേന്ദ്ര സർക്കാർ ഈ ആവശ്യം പരിഗണിക്കുകയുണ്ടായില്ല. എന്നാൽ, നടപ്പ സാമ്പത്തിക വർഷം കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് അനുവദിച്ച 2% അധിക വായ്പയിൽ ഉപാധികളില്ലാതെ വായ്പയെടുക്കുന്നതിനുള്ള പരിധി 0.5% ൽ നിന്ന് 1% ആയി ഉയർത്തി നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനം ഈ നിർദ്ദേശത്തെ എതിർത്തിരുന്നോ; ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര തീരുമാനത്തിൽ മാറ്റം വരുത്തിയോ; എങ്കിൽ എന്ത് മാറ്റമാണ് വരുത്തിയത്; | |

| | | |
|---|---|---|
| (സി) | കേന്ദ്രത്തിന്റെ പുതിയ നിബന്ധന പ്രകാരം നഷ്ടപരിഹാര വായ്പയായി സംസ്ഥാനത്തിന് എന്ത് തുക ലഭിക്കും; ഇതിനകം എന്ത് തുകയാണ് അനുവദിച്ചത്; | Special Window Facility യിലൂടെ 5766 കോടി രൂപയാണ് സംസ്ഥാനത്തിന് നഷ്ടപരിഹാര വായ്പയായി ലഭിക്കുന്നത്. ആയതിൽ നിന്നും ഇതിനോടകം 1897.80 കോടിരൂപ കേരളത്തിന് അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഉപാധികളില്ലാതെ വിപണിയിൽ നിന്നും വായ്പ എടുക്കുന്നതിന് കേന്ദ്രം പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച GST Compensation പാക്കേജിന്റെ Option 1 പ്രകാരം 2% അധിക വായ്പയിൽ ഉപാധികളില്ലാതെ വായ്പയെടുക്കുന്നതിനുള്ള പരിധി 0.5% ൽ നിന്ന് 1% ആയി ഉയർത്തി നൽകിയിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**